**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **28-01-2026 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ വ്യവസായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രധാന വ്യവസായ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംരംഭക വർഷം പദ്ധതി, കൊച്ചി ബാംഗ്ലൂർ ഇടനാഴി/ പാലക്കാട് ഇൻഡസ്ട്രീസ് സ്മാർട്ട് സിറ്റി എന്ന വൻകിട പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, മിഷൻ 1000 എന്നീ പ്രധാന വ്യവസായ പദ്ധതികൾ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) | ഈ പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ വ്യവസായ പദ്ധതികളിലൂടെ സർക്കാരിനുള്ള നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് 35,685 സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 82,095 പേർക്ക് തൊഴിലവസരവും ലഭ്യമായിട്ടുണ്ട്.<br><br>കൊച്ചി ബാംഗ്ലൂർ ഇടനാഴി/ പാലക്കാട് ഇൻഡസ്ട്രീസ് സ്മാർട്ട് സിറ്റി എന്ന വൻകിട പദ്ധതി 1,710 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഒരു സ്മാർട്ട് സിറ്റി പദ്ധതിയാണ്. ഇതിന്റെ എസ്റ്റിമേറ്റ് പ്രോജക്റ്റ് കോസ്റ്റ് 3600 കോടി മുതൽ 3800 കോടി വരെയാണ്. ഇതിൽ സംരംഭകരുടെ നിക്ഷേപം 8,700 കോടി രൂപയാണ്. ഇതിലൂടെ 51,000 തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നു.<br><br>ഈ സർക്കാരിന്റെ പുതിയ വ്യവസായ നയവുമായി ബന്ധപ്പെട്ട പദ്ധതികളായ സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയിൽ, ജില്ലയിൽ 6 പുതിയ പാർക്കുകൾ വന്നിട്ടുണ്ട്. അതിൽ 4 എണ്ണം സ്വകാര്യ വ്യവസായ എസ്റ്റേറ്റും 2 എണ്ണം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുമാകുന്നു.<br><br>സ്വകാര്യ ഡെവലപ്പർമാരുടെ പങ്കാളിത്തത്തോടുകൂടി 53.97 ഏക്കർ സർക്കാർ പ്രഖ്യാപിത വ്യവസായ എസ്റ്റേറ്റുകൾ അധികമായി ആരംഭിക്കുവാൻ കഴിഞ്ഞു. അതുവഴി ജില്ലയിൽ 672 തൊഴിലാളികൾക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ പ്ലോട്ടുകൾ |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുള്ളതിനാൽ വൻ നിക്ഷേപവും തൊഴിൽ സൃഷ്ടിയും ഉണ്ടാകുന്നതാണ്.<br><br>സംസ്ഥാനത്തെ ആയിരം എംഎസ്എംഇ സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ വ്യവസായ വകുപ്പ് നടപ്പിലാക്കിയ മിഷൻ 1000 പദ്ധതിയുടെ ഭാഗമായി ജില്ലയിൽ ഇതുവരെ കണ്ടെത്തിയത് 116 സംരംഭങ്ങളാണ്. ഈ സംരംഭങ്ങളിൽനിന്ന് 32 എണ്ണത്തിന് സംസ്ഥാനതല അപ്രൈസൽ സമിതി അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ആയതിൽ എട്ട് സ്ഥാപനങ്ങളുടെ വിശദമായ പദ്ധതി രേഖ ജില്ലാതല കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ